സ്വീകരിച്ചുവരുന്നു. ഈ നടപടികൾ പൂർത്തിയായശേഷം 27-33 മാസങ്ങൾക്കകം സിയാസിനും 15 മാസത്തിനകം കാസർഗോഡ് പവർ കോർപ്പറേഷനും പദ്ധതികൾ നടപ്പാക്കാനാകുമെന്ന് ടി സ്വകാര്യ സംരംഭകർ അറിയിച്ചിട്ടുണ്ട്. ഡി.സി.ഇ.ഡി.എൽ. 107 മെഗാവാട്ട് പദ്ധതിയുടെ പ്രവർത്തനം കാസർഗോഡുള്ള മൈലാടിയിൽ ആരംഭിച്ചിട്ടുണ്ട്.

(ഇ) കേന്ദ്രാനുമതി ലഭിച്ച അതിരപ്പിള്ളി പദ്ധതിയ്ക്ക് 1/98-ൽ പരിസ്ഥിതി ക്ലിയറൻസും 12/97-ൽ ഫോറസ്റ്റ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്.

(എഫ്) അതിരപ്പിള്ളി പദ്ധതി ഇപ്പോൾ ടെണ്ടർ സ്റ്റേജിലാണ്. 2005-ാമാണ്ടോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

വനിതാ പ്രാഥമിക സഹകരണ സംഘങ്ങൾ

13 (*192) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വനിതാ പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) വനിതാ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ എണ്ണം എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വനിതാ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് വനിതാ പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇനിയും സംഘങ്ങൾ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 144 വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	23
കൊല്ലം	-	9
പത്തനംതിട്ട	-	2
ആലപ്പുഴ	-	2
കോട്ടയം	-	9
ഇടുക്കി	-	7
എറണാകുളം	-	2
തൃശ്ശൂർ	-	10

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	–	2
മലപ്പുറം	–	19
കോഴിക്കോട്	–	6
വയനാട്	–	1
കണ്ണൂർ	–	41
കാസർഗോഡ്	–	11
ആകെ	–	144

(സി) 31.3.98-വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ചിട്ടുള്ള 474 വനിതാ സഹകരണ സംഘങ്ങളിലായി 2,31,446 അംഗങ്ങളുണ്ട്.

(ഡി) വനിതാ സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന പദ്ധതി പ്രകാരം 50,000 രൂപവരെ ഓഹരി മൂലധനമായി നൽകിവരുന്നു. കൂടാതെ പ്രവർത്തന മൂലധന ഗ്രാന്റായി 1,00,000 രൂപവരെ നൽകുന്നതിനും മാനേജീരിയൽ സബ്സിഡിയായി ഒന്നാം വർഷം 5000 രൂപ, രണ്ടാം വർഷം 4000 രൂപ, മൂന്നാം വർഷം 3000 രൂപ എന്നീ ക്രമത്തിൽ നൽകുന്നതിനും പദ്ധതികളുണ്ട്. കെട്ടിട ഗ്രാന്റ് 15,000 രൂപ വരെ നൽകുന്നതിനു പദ്ധതി നിലവിലുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി (സെൻട്രൽ സെക്ടർ സ്കീം) വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം, പ്രവർത്തന മൂലധന വായ്പ, മാനേജീരിയൽ സബ്സിഡി എന്നീ ഇനത്തിൽ യഥാക്രമം 40,000 രൂപ, 40,000 രൂപ, 20,000 രൂപ വരെ ധനസഹായം നൽകിവരുന്നു.

(ഇ) പ്രവർത്തന സാധ്യതയുള്ള സ്ഥലങ്ങളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് സംഘങ്ങൾ രൂപീകരിക്കുന്നതാണ്.

പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി

14 (*193)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത രണ്ടു വർഷത്തിനുള്ളിൽ 15 ലക്ഷം പേർക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പദ്ധതി എന്ന് ആരംഭിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly